അക്കൗണ്ടന്റ് ജനറൽ പരിശോധിക്കുകയുണ്ടായി. 2532 കേസ്സുകൾ പരിശോധിച്ചതിൽ 2011 കേസ്സുകളിൽ ശമ്പള പുനർനിർണ്ണയം ചെയ്തതിൽ ക്രമക്കേടുകൾ ഉള്ളതായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ആ 2011 കേസ്സുകളിൽ 4.20 കോടിരൂപ അധികം നല്കിയിട്ടുള്ളതായി ആണ് അക്കൗണ്ടന്റ് ജനറൽ പരമാർശിച്ചിട്ടുള്ളത്.

(സി&ഡി) ബോർഡിലെ ഫിക്സേഷൻ ഓഡിറ്റ് വിഭാഗം നടത്തിയ പരിശോധനയിൽ ചില ജീവനക്കാരുടെ ഫിക്സേഷനിൽ അപാകത കണ്ടിരുന്നു. 22-10-1999-ലെ കണക്ക് പ്രകാരം 287 ജീവനക്കാരിൽ നിന്നു 23,16,698 രൂപ ബോർഡ് തിരിച്ചു പിടിച്ചിട്ടുണ്ട്. ശേഷിക്കുന്ന ജീവനക്കാരുടെ ഫിക്സേഷനുകൾ ബോർഡ് പരിശോധിച്ചുവരികയാണ്. അധിക വേതനം കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയത് തിരിച്ചുപിടിക്കുവാൻ വേണ്ട നടപടികൾ ബോർഡ് സ്വീകരിച്ചുവരുന്നു.

വോൾട്ടേജ് ക്ഷാമം

98(314) ശ്രീ. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ ഇടവണ്ണ, വെള്ളുവപ്രം എന്നീ സ്ഥലങ്ങളിൽ 33 കെ.വി. സബ് സ്റ്റേഷന്റെ നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവ എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാനാവുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ ഇടവണ്ണയിൽ 33 കെ.വി. സബ് സ്റ്റേഷൻ പണിയുന്നതിനാവശ്യമായ സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. വെള്ളുവപ്രത്തിൽ സ്ഥാപിക്കുന്ന സബ്സ്റ്റേഷന്റെ നിർമ്മാണജോലി സ്ഥലം ലഭ്യമായാൽ ഉടൻ ആരംഭിക്കുന്നതാണ്.

(ബി) സ്ഥലം ലഭിച്ചാൽ മൂന്നു മാസത്തിനകം കമ്മീഷൻ ചെയ്യാൻ സാധിക്കും.

കേന്ദ്ര സർക്കാരിന്റെ ആഗോളവൽക്കരണ-സ്വകാര്യവൽക്കരണ-ഉദാരവൽക്കരണ നയങ്ങൾ

99(315) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാരിന്റെ ആഗോളവൽക്കരണ-സ്വകാര്യവൽക്കരണ-ഉദാരവൽക്കരണ നയങ്ങൾ സംസ്ഥാനത്തെ പൊതുമേഖലാ സംരംഭങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുള്ളത് കണക്കിലെടുത്ത് സഹകരണപ്രസ്ഥാനങ്ങളെ ശക്തിപ്പെടുത്താനുള്ള എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സഹകരണപ്രസ്ഥാനങ്ങളുടെ പ്രവർത്തനം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പുത്തൻ സാമ്പത്തിക നയങ്ങളുടെ പശ്ചാത്തലത്തിൽ ജനങ്ങൾക്ക് ആശ്വാസം നൽകത്തക്ക രീതിയിൽ സഹകരണസ്ഥാപനങ്ങളെ പ്രവർത്തന സജ്ജമാക്കാൻ പലവിധ നടപടികൾ സ്വീകരിച്ചുവരുന്നു. 9-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ 2000 നവംബർ മാസം വരെ സംസ്ഥാന പദ്ധതിയിൽ നിന്നും 64.07 കോടി രൂപ വിവിധ സഹകരണസംഘങ്ങൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ, പ്രസ്തുത കാലയളവിൽ 76.64 കോടി രൂപ ദേശീയ സഹകരണവികസന കോർപ്പറേഷനിൽ നിന്നും സഹകരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. വായ്പാ വിതരണം, കാർഷികോല്പാദനം, സംഭരണം, വിപണനം, ഭവനനിർമ്മാണം, കൺസ്യൂമർ എന്നീ മേഖലകളിലെ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തി വരുന്നു. സഹകരണ സ്ഥാപനം ഇപ്പോൾ ആഗ്രോ പ്രോസസിംഗ്, വ്യവസായം, ആതുരസേവനം, പ്രൊഫഷണൻ വിദ്യാഭ്യാസം എന്നീ മേഖലകളിലേക്കും പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട്. കൂടാതെ ഇൻഷ്വറൻസ് രംഗത്ത് പ്രവർത്തിക്കുന്നതിനായി ഒരു പ്രത്യേക സഹകരണ സ്ഥാപനം രജിസ്റ്റർ ചെയ്തു കഴിഞ്ഞു.

പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ

100(316) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. ടി. കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ ഇപ്പോൾ എത്ര പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകളുണ്ട് ; ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവയിൽ, ഏതെല്ലാം പ്രാഥമിക ബാങ്കുകൾക്ക് സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്കിൽ അഫിലിയേഷൻ നൽകിയിട്ടുണ്ട് ;

(സി) ഏതെല്ലാം പ്രാഥമിക കാർഷിക വികസന ബാങ്കുകൾ ഏതെല്ലാം തീയതികളിൽ സംസ്ഥാന ബാങ്കിൽ അഫിലിയേഷന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട് ;

(ഡി) അഫിലിയേഷന് അപേക്ഷ ലഭിച്ചാൽ സംസ്ഥാന ബാങ്ക് എത്ര ദിവസത്തിനുള്ളിൽ തീരുമാനമെടുത്തിരിക്കണമെന്നാണ് വ്യസ്ഥ ചെയ്തിട്ടുള്ളത് ;

(ഇ) നിശ്ചിത സമയപരിധിക്കുള്ളിൽ തീരുമാനമെടുത്തില്ലെങ്കിൽ അഫിലിയേഷൻ ലഭിച്ചതായി കണക്കാക്കാൻ നിയമവ്യവസ്ഥയുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly